# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 29

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 മാർച്ചിൽ നടന്ന സി .ബി.സി.എസ്.എസ്. നാലാം സെമസ്റ്റർ ബി .എ. (മോഡൽ I, II, III - 2013, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1235/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1236/2019)

2019 ഏപ്രിലിൽ നടന്ന ബി.വോക് അഞ്ചാം സെമസ്റ്റർ, 2019 മാർച്ചിൽ നടന്ന ബി.വോക് ആറാം സെമസ്റ്റർ (2016 അഡ്മിഷൻ റഗു ലർ, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകളുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1237/2019)

## എം.ജി. യു.ജി. ഏകജാലക പ്രവേശനം:
## എസ്.സി./എസ്.ടി. രണ്ടാം പ്രത്യേക അലോട്മെന്റ്

**- ഓപ്ഷൻ രജിസ്ട്രേഷൻ ജൂൺ 30, ജൂലൈ ഒന്ന് തീയതികളിൽ**

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങൾക്കായുള്ള രണ്ടാം സ് പെഷൽ അലോട്മെന്റിന് ജൂൺ 30, ജൂലൈ ഒന്ന് തീയതികളിൽ പുതുതായി ഓപ്ഷൻ നൽകാം . നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ എസ് .സി/എസ്.ടി. അപേക്ഷകർക്കും രണ്ടാം സ്പെഷൽ അലോട്മന്റ് നടത്തും.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്ര വേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുക്കി നൽകാം . പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കണം.

നേരത്തേ നൽകിയ അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്താം , പുതുതായി ഓപ്ഷൻ നൽകാം. അപേക്ഷ നൽകാത്തവർക്ക് പുതുതായി ഫീ സടച്ച് സ്പെഷൽ അ ലോട്മെന്റിൽ പങ്കെടുക്കാം . സ്പെഷൽ അലോട് മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ നൽകണം . ഓപ്ഷൻ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക . അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല . വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . സ്പെഷൽ അലോട്മെന്റ് ലിസ്റ്റ് ജൂലൈ രണ്ടിനു പ്രസിദ്ധീകരിക്കും . ഓൺലൈൻ രജിസ് ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

പ്രത്യേക അലോട് മെന്റ് സ് പോട് അലോട് മെന്റല്ല. മുൻ അലോട് മെന്റുകളിലും മാനേജ്മെന്റ്/കമ്മ്യൂണിറ്റി/മെറിറ്റ്/സ്പോർട്സ്/കൾച്ചറൽ/പി.ഡി ക്വാട്ടാകളിലേക്ക് സ്ഥിരപ്രവേശം നേടിയ എസ്.സി./എസ്.റ്റി. വിഭാഗക്കാർ പ്രത്യേക അലോട്മെന്റിലൂടെ വീണ്ടും ഓപ്ഷനുകൾ നൽകുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട് മെന്റ് ലഭിച്ച ഓപ്ഷനിലേക്ക് നിർബന്ധമായും മാറേണ്ടി വരും. ഇവരുടെ നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. ഇതിനോടകം സ്ഥിര പ്രവേശനം ലഭിച്ചവർ പ്രത്യേക അലോട്മെന്റിൽ പങ്കെടുക്കുമ്പോൾ ഓപ്ഷനുകൾ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ./39/1238/2019)

## പിഎച്ച്.ഡി. രജിസ്ട്രേഷൻ;
## അപേക്ഷ ജൂലൈ 31 വരെ

മഹാത്മാഗാന്ധി സർവകലാശാല പിഎച്ച്.ഡി. രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു . ജൂലൈ ഒന്നു മുതൽ 31 വരെ അപേക്ഷ നൽകാം . രജിസ്ട്രേഷന് ആവശ്യമായ രേഖകൾ സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ ക്ക്(അക്കാദമിക് I) അപേക്ഷ നൽകണം . വിശദവിവരവും അപേക്ഷഫോമും സർവക ലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1239/2019)

## നാഷണൽ സർവീസ് സ്കീം സുവർണജൂബിലി;
## വിപുലമായ അഘോഷങ്ങളുമായി എം.ജി.

നാഷണൽ സർവീസ് സ് കീമിന്റെ സുവർണജൂബിലിയും മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവും വിപുലമായ പരിപാടികളോടെ ആഘോഷിക്കാനൊരുങ്ങി മഹാത്മാഗാന്ധി സർവകലാശാല എൻ .എസ്.എസ്. മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനത്തിലാണ് തീരുമാനം . കോളജുകളിൽ വിവിധ പരിപാടികൾക്ക് രൂപം നൽകി.

സർവകലാശാല അസംബ്ലി ഹാളിൽ നടന്ന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം ചെയ്തു . കോളജുകളും സമൂഹവും തമ്മിലുള്ള പരസ്പരബന്ധം ഊട്ടിയുറപ്പിക്കുന്ന ചാലകശക്തിയായി നാഷണൽ സർവീസ് സ് കീം യൂണിറ്റുകൾ മാറണമെന്ന് വൈസ് ചാൻസലർ പറഞ്ഞു . സമൂഹത്തിൽ ഇടപെട്ട് മികച്ച പ്രവർത്തനങ്ങൾ നടത്താൻ കോളജുകളിലെ എൻ .എസ്.എസ്. യൂണിറ്റുകൾക്കാവും. ഇത് വിദ്യാർഥികളെ ഉത്തമപൗരന്മാരാക്കി വളർത്തുന്നതിന് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റംഗം ഡോ . കെ. കൃഷ്ണദാസ് അധ്യക്ഷത വഹിച്ചു . പ്രോ-വൈസ് ചാൻസലർ പ്രൊഫ . സി.റ്റി. അരവിന്ദകുമാർ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, മനേഷ് ജേക്കബ് എന്നിവർ പ്രസംഗിച്ചു . എൻ.എസ്.എസ്. സംസ്ഥാന ഓഫീസറും സർവകലാശാല രജിസ്ട്രാറുമായ ഡോ. കെ. സാബുക്കുട്ടൻ ക്ലാസെടുത്തു . 2019-20 വർഷത്തെ എൻ .എസ്.എസ്. പ്രവർത്തനരേഖ അവതരിപ്പിച്ചു.

# ചിത്രം കാപ്ഷൻ

മഹാത്മാഗാന്ധി സർ വകലാശാലയ്ക്ക് കീഴിലുള്ള കോളജുക ളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനം അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1240/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ